# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.521 - 02/12/2014 - ലെ മറുപടിക്ക്

## കടമെടുപ്പ് പരിധിയും പൊതുവിപണിയിൽ നിന്നുള്ള വായ്പയും

**ചോദ്യം**

**ശ്രീ. ഇ.പി.ജയരാജൻ**

(എ) 2011-12 സാമ്പത്തിക വർഷം കേരളത്തിന്റെ കടമെടുപ്പ് പരിധി എത്രയായിരുന്നു,

(ബി) 2011-12 സാമ്പത്തിക വർഷത്തിൽ പൊതു വിപണിയിൽ നിന്നും എത്ര തുക വായ്പയെടുത്തു,

(സി) 2012-13 സാമ്പത്തിക വർഷത്തിലെ കടമെടുപ്പ് പരിധി എത്രയായിരുന്നു,

(ഡി) 2012-13 സാമ്പത്തിക വർഷത്തിൽ പൊതു വിപണിയിൽ നിന്നും എത്ര തുക വായ്പയെടുത്തു,

(ഇ) 2013-14 സാമ്പത്തിക വർഷത്തിലെ കടമെടുപ്പ് പരിധി എത്രയായിരുന്നു,

(എഫ്) 2013-14 ൽ പൊതുവിപണിയിൽ നിന്നും എത്ര തുക വായ്പയെടുത്തു,

(ജി) 2014-15 ൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചു നൽകിയ കടമെടുപ്പുപരിധി എത്ര തുകയ്ക്കുള്ളതാണ്, നടപ്പു സാമ്പത്തിക വർഷം നാളിതുവരെ എത്ര തുക പൊതുവിപണിയിൽ നിന്നും വായ്പയെടുത്തു, എത്ര തവണകളായിട്ടാണ് വായ്പയെടുത്തത്, കടമെടുപ്പ് പരിധി ഉയർത്തി നൽകണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ, കടമെടുപ്പ് പരിധി എത്ര മടങ്ങ് വർദ്ധിപ്പിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്, സംസ്ഥാനത്തിന്റെ ആവശ്യത്തോട് കേന്ദ്ര സർക്കാരിന്റെ പ്രതികരണം എന്താണെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. കെ. എം. മാണി**
**(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)**

(എ) മുതൽ (എഫ്) വരെ: 2011-12 മുതൽ 2013-14 വരെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയും വായ്പയെടുത്ത തുകയും സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | കടമെടുപ്പ് പരിധി | വായ്പയെടുത്ത തുക (പ്രൊവിഡന്റ് ഫണ്ടിൽ നിന്നുള്ള വായ്പ ഉൾപ്പെടെ) |
|---|---|---|
| | (തുക കോടിയിൽ) | |
| 2011-12 | 10418 | 10745 |
| 2012-13 | 12557 | 14143 |
| 2013-14 | 12397 | 15448 |

(ജി) 2014-15 സാമ്പത്തിക വർഷത്തേയ്ക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ചു നൽകിയ കടമെടുപ്പു പരിധി 13548 കോടിരൂപയാണ്. നടപ്പു സാമ്പത്തിക വർഷം 11 തവണകളായി പൊതുവിപണിയിൽ നിന്ന് ഇതുവരെ 9400 കോടിരൂപ വായ്പയെടുത്തിട്ടുണ്ട്. കേന്ദ്ര സർക്കാരിനോട് കടമെടുപ്പ് പരിധിയായി സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടത് 14505 കോടിരൂപയാണ്. എന്നാൽ '13-ാം കേന്ദ്രധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ച് കേന്ദ്രസർക്കാർ 2014-15 സാമ്പത്തിക വർഷത്തെ ജി.എസ്.ഡി.പി (എസ്റ്റിമേറ്റ്) യുടെ മൂന്ന്(3)ശതമാനമായി

| | |
|---|---|
| | കടമെടുപ്പ് പരിധി നിശ്ചയിച്ച് നൽകിയിട്ടുള്ളത് 13548 കോടിരൂപയാണ്. ഈ പരിധി കൂട്ടി നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ